(എച്ച്) ഇല്ല. സഹകരണ സംഘങ്ങളിൽ നിന്നും കാർഷികലോണെടുത്ത് കുടിശ്ശിക വരുത്തിയാൽ കുടിശ്ശികയായ വായ്പ അടച്ച് തീർത്ത് സമയപരിധിയും പരിഗണിച്ച് മാത്രമേ വീണ്ടും വായ്പ അനുവദിക്കാറുള്ളൂ.

(ഐ) സഹകരണ മേഖല സഹകാരികൾക്ക് പ്രയോജനം ചെയ്യുന്ന സേവന മേഖലയായിട്ടാണ് പ്രവർത്തിക്കുന്നത്.

വൈദ്യുതി ബോർഡിന് ആവശ്യമായ ട്രാൻസ്ഫോർമറുകളും മീറ്ററുകളും വാങ്ങുന്നതിന് നടപടി

10 (*190) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിന് ആവശ്യമായ ട്രാൻസ്ഫോർമറുകളും മീറ്ററുകളും വാങ്ങുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനുവേണ്ടി ദേശീയാടിസ്ഥാനത്തിൽ ടെണ്ടർ വിളിക്കാൻ ബോർഡ് ആലോചിക്കുന്നുണ്ടോ ;

(സി) സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും ട്രാൻസ്ഫോർമറുകളും മീറ്ററുകളും വാങ്ങാൻ ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇത് സംബന്ധിച്ച് വൈദ്യുതി ബോർഡും പ്രസ്തുത സ്ഥാപനങ്ങളും തമ്മിൽ എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ;

(ഇ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലനിൽപ്പിനു വേണ്ടി ഈ സ്ഥാപനങ്ങളിൽ നിന്നും ട്രാൻസ്ഫോർമറുകളും മീറ്ററുകളും വാങ്ങാൻ വൈദ്യുതി ബോർഡിന് നിർദ്ദേശം നൽകുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) മത്സര ദർഘാസുകൾ ക്ഷണിച്ചാണ് ട്രാൻസ്ഫോർമറുകളും മീറ്ററുകളും വാങ്ങുന്നത്. അത്യാവശ്യസന്ദർഭങ്ങളിൽ റേറ്റ് കോൺട്രാക്ട് നൽകിയും ഇവ വാങ്ങാറുണ്ട്.

(ബി) ദേശീയാടിസ്ഥാനത്തിൽ 20-12-1999-ന് ടെണ്ടർ വിളിച്ചു.

(സി&ഡി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ബോർഡ് ട്രാൻസ്ഫോർമറുകളും മീറ്ററുകളും വാങ്ങുന്നുണ്ട്. കെല്ലിന് 720 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾക്കുള്ള ഓൾഡർ 19-2-2000-ൽ റേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

കോൺട്രാക്ടായി നൽകിയിട്ടുണ്ട്. മീറ്ററുകൾക്ക് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസുമായി റേറ്റ് കോൺട്രാക്ട് നിലവിലുണ്ട്.

(ഇ) നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി കഴിയുന്ത്ര ട്രാൻസ്ഫോർമറുകളും മീറ്ററുകളും സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുകയാണ് ഇപ്പോഴും ചെയ്യുന്നത്. ആയതിലേക്ക് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പത്ത് ശതമാനം പ്രൈസ് പ്രിഫറൻസ് നൽകാറുമുണ്ട്.

വൈദ്യുതി പ്രസരണരംഗം ശക്തിപ്പെടുത്താൻ പദ്ധതി

11(*191) ശ്രീ. എം. എ. തോമസ് :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എളമരം കരീം :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടായിരാമാണ്ടിൽ സംസ്ഥാനത്ത് വൈദ്യുതോല്പാദനകാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കുമെന്ന സർക്കാർ പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി ഉല്പാദന-പ്രസരണ-വിതരണ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

(സി) ഇതിന്റെ ഫലമായി വൈദ്യുതി ഉല്പാദന-പ്രസരണ രംഗത്ത് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കുമോ ;

(ഡി) വൈദ്യുതി ഉല്പാദനം വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള അര മണിക്കൂർ ലോഡ് ഷെഡ്ഡിംഗ് പൂർണ്ണമായും പിൻവലിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഇ) വൈദ്യുതി ഉല്പാദനം വർദ്ധിക്കുന്നതിനുസരിച്ച് പ്രസരണരംഗം ശക്തിപ്പെടുത്തുന്നതിന് ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

1. നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുക.

2. പുതിയ ജലവൈദ്യുത പദ്ധതികളും, താപനിലയങ്ങളും അടിയന്തിരമായി നിർമ്മിക്കുക.

LIBRARY ARCHIVES Kerala Legislative Assembly